## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4981 24.07.2015-ൽ മറുപടിക്ക്

### ജലഗുണനിലവാര പരിശോധനയ്ക്കായി ലാബുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, ഷാഫി പറമ്പിൽ<br>,, എം.പി.വിൻസന്റ് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) വാട്ടർ അതോറിറ്റിയിൽ ജലഗുണനിലവാര പരിശോധനയ്ക്കായുള്ള ലാബുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) കേരളാ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയാണ് ഇതിന്റെ ലക്ഷ്യം. |
| സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ സാമ്പിളുകൾ ശേഖരിച്ച് കേരളാ വാട്ടർ അതോറിറ്റിയുടെ പരിശോധനാ ലാബുകളിൽ ഇൻഡ്യൻ സ്റ്റാൻഡേർഡ് അനുശാസിക്കുന്ന രീതിയിൽ ഗുണനിലവാര പരിശോധന നടത്തി പരിശോധനാഫലം ബന്ധപ്പെട്ട ഉദ്യോസ്ഥരെ യഥാസമയം അറിയിച്ച |

വരുന്നുണ്ട്. ഇപ്രകാരം പ്രവൃത്തിക്കുന്ന 14 ജില്ലാതല ലാബുകൾ വാട്ടർ അതോറിറ്റി യുടെ കീഴിൽ ഉണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ നെട്ടൂരിൽ ഒരു സംസ്ഥാന ലാബും പ്രവൃത്തിക്കുന്നുണ്ട്. ഇതിനു പുറമെ എസ്.എൽ.എസ്.എസ്.സി.യിൽ 50 സബ് ഡിവിഷണൽ ലാബുകൾ ആരംഭിക്കാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 19 എണ്ണം പ്രവർത്തനം ആരംഭിക്കുകയും ബാക്കി 34 എണ്ണം തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു കൊണ്ടിരിക്കുന്നു. സംസ്ഥാനത്തെ ജനസംഖ്യയിൽ 200 പേർക്ക് ഒരു കുടിവെള്ള സാമ്പിൾ എന്ന് എൻ.ആർ. ഡി.ഡബ്ല്യൂ.പി. നിഷ്കർഷിക്കുന്ന കണക്കു-പ്രകാരമാണ് ഈ പുതിയ ലാബുകൾ ആരംഭിക്കുന്നത്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നാഷണൽ റൂറൽ ഡ്രിങ്കിങ് വാട്ടർ പ്രോഗ്രാമിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ ജില്ലാതല ലാബുകളിലും സബ് ഡിവിഷണൽ ലാബുകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലെ കിണറുകളിലും ട്യൂബ് വെല്ലുകളിലും നിന്നും മറ്റും സാമ്പിളുകൾ ശേഖരിച്ച് അവയുടെ ഗുണനിലവാരം പരിശോധിച്ച് പരിശോധനാഫലം പ്രസിദ്ധീകരിക്കാറുണ്ട്. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങൾ കേന്ദ്രമാക്കി പുതിയ 3 മൊബൈൽ ലാബുകൾ തുടങ്ങാനുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്.

[signature]

സെക്ഷൻ ഓഫീസർ